## പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 300 | 07.08.2017 ൽ മറുപടിയ്ക്ക് |
|---|---|
| **സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ** | |
| ചോദ്യം | ഉത്തരം |
| **ശ്രീമതി.വീണാ ജോർജ്ജ്**<br>**ശ്രീ.ജോൺ ഫെർണാണ്ടസ്**<br>**,, ഐ.ബി. സതീഷ്**<br>**,,എ.എം.ആരിഫ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ)സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന വിശദമാക്കാമോ; | (എ) സംസ്ഥാനത്ത് സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധങ്ങളായ പദ്ധതികൾ സാമൂഹ്യനീതി വകുപ്പ് മുഖേന ആവിഷ്കരിച്ച് വരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ അവ ഫലപ്രദമായി പ്രതിരോധിക്കുന്നതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് കൊണ്ട് കുടുംബശ്രീ, ആശാവർക്കേഴ്സ്, പ്രേരക്മാർ, മഹിളാപ്രധാൻ ഏജന്റ്, ജനമൈത്രി പോലീസ്, യുവജന ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവരെ ഉൾപ്പെടുത്തി **കൈത്താങ്ങ്** എന്നൊരു കർമ്മസേന രൂപീകരിച്ച് പൈലറ്റടിസ്ഥാനത്തിൽ 70 പഞ്ചായത്തുകളിലായി 350 വാർഡുകളിൽ സാമൂഹ്യനീതി വകുപ്പ് മുഖേനപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>സ്ത്രീകൾക്കും പെൺകുട്ടികൾക്കും തങ്ങളുടെ അവകാശങ്ങളെക്കുറിച്ചും നിയമങ്ങളെക്കുറിച്ചും അവബോധം നൽകുക എന്ന ലക്ഷ്യത്തോടെ. സംസ്ഥാനത്തെ 14 ജില്ലകളിലായി ഒരു നിയമബോധന പരിപാടി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ 100 നിയമബോധന പരിപാടികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>ആലപ്പുഴ ജില്ലയിലെ വിധവകൾക്കും അവിവാഹിതരായ അമ്മമാർക്കും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും തങ്ങളുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും സാമൂഹികവും സാമ്പത്തികവുമായ ശാക്തീകരണം നൽകുന്നതിനും സ്വന്തം |

| | |
|---|---|
| | കാലിൽ നിന്നു കൊണ്ട് ആത്മവിശ്വാസത്തോടെ ജീവിക്കുന്നതിന് അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഒരു പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്ന സമൂഹത്തിൽ അതിനെതിരെ ബോധവൽക്കരണം നടത്തി സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങൾ കൂടി മനുഷ്യാവകാശങ്ങളാണെന്നുള്ള തിരിച്ചറിവോടെയുള്ള ഒരു ജനസമൂഹത്തെ വാർത്തെടുക്കുന്നതിനായി **"ശ്രദ്ധ"** എന്ന പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി വിവിധ വകുപ്പിലെ ഉദ്യോഗസ്ഥർ സേവനദാതാക്കൾ, റസിഡൻസ്ഷ്യൽ അസോസിയേഷൻ, പൗരസമിതികൾ സ്കൂളുകൾ, കോളേജുകൾ, യൂത്ത്ക്ലബുകൾ തുടങ്ങിയ വിവിധ മേഖലകളിൽ ബോധവത്ക്കരണം നടത്തുന്നതാണ്.<br><br>ശാരീരിക പീഢനത്തിന് ഇരയായവർ, വിധവകൾ, വിവാഹമോചിതർ എന്നീ ഗണത്തിൽപ്പെട്ടവർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് കോഴിക്കോട് ജില്ലയിലെ സ്കിൽ ഡെവലപ്പമെന്റ് സെന്റർ മുഖേന പരിശീലനം നൽകുന്നതിനും അവർക്ക് തൊഴിൽ യൂണിറ്റുകൾ ഉണ്ടാക്കുന്നതിനുമായി കോഴിക്കോട് ജില്ലയിൽ പരീക്ഷണാർത്ഥം ഈ വർഷം തന്നെ പദ്ധതി നടപ്പിലാക്കുന്നതാണ്. തയ്യൽ, ഗാർമെന്റ് മേക്കിംഗ് & ഫാഷൻ ടെക്നോളജി, ഹോം നഴ്സ് & ലാബോറട്ടറി, ഹാന്റ്മെയ്ഡ് ടോയ്ലെറ്ററി എന്നീ മേഖലകളിലാണ് കോഴിക്കോട് ജില്ലയിലെ സ്കിൽ ഡെവലപ്പമെന്റ് സെന്റർ മുഖേന പരിശീലനം നൽകുന്നത്. ഇതിലേയ്ക്കായി 15,76,000/- രൂപ വിമൻ പ്രൊട്ടക്ഷൻ ഓഫീസർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി)ഇതിന്റെ ഭാഗമായി വിവിധ ജില്ലകളിൽ നിന്നും അടിയന്തരാവശ്യങ്ങൾക്കായി തലസ്ഥാന നഗരിയിൽ ഒറ്റയ്ക്ക് എത്തിച്ചേരുന്ന സ്ത്രീകൾക്ക് താമസസൗകര്യം ഏർപ്പെടുത്തുന്നതിനായി ഏകദിന വസതി (One Day Home) പദ്ധതി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ ഈ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ എന്നും ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുള്ളത് | (ബി) ഉണ്ട്. പദ്ധതിയുടെ ചെലവിലേയ്ക്കായി 30,56,750/- രൂപ 22.06.2017 ലെ സ.ഉ(സാധാ) 400/2017/സാനീവ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>തിരുവനന്തപുരം കെ.എസ്.ആർ.ടി.സി ബസ് ടെർമിനലിൽ എട്ടാം നിലയിൽ ടി പദ്ധതി |

| | |
|---|---|
| എവിടെയാണെന്നും വ്യക്തമാക്കാമോ? | നടപ്പാക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ